81

# ഒരിക്കലും മറക്കാനാകാത്ത രാത്രി

**വായനാഭാഗം #34**

VII. യേശുവിന്റെ അവസാന ആഴ്ചയിലെ ശുശ്രൂഷ (തുടർച്ച).
H. വെള്ളി: യേശുവിന്റെ മരണ ദിവസം (തുടർച്ച).
1. അവസാന അത്താഴം (തുടർച്ച).
c. താഴ്മ പ്രദർശിപ്പിച്ചു (യോഹ.13:2–20).
d. ഒറ്റിക്കൊടുക്കൽ / തള്ളിപ്പറയൽ മുന്നറിയിച്ചു (മത്താ.26:21–25, 31–35; മർക്കൊ.14:18–21, 27–31; ലൂക്കൊ.22:21–23, 31–38; യോഹ.13:21–38).
e. കർത്തൃമേശ സ്ഥാപിച്ചു (മത്താ.26:26–29; മർക്കൊ.14:22–25; ലൂക്കൊ.22:19,20; 1 കൊരി.11:23–26[1]).

**മുഖവുര**

അതൊരു മറക്കാനാവാത്ത രാത്രിയായിരുന്നു. യേശുവും ശിഷ്യന്മാരും മാളികമുറിയിൽ പെസഹാ ഭക്ഷിക്കുന്നതോടുകൂടെയാണ് ആ രാത്രി ആരംഭിക്കുന്നത്. ഗത്ശമനയിലെ പ്രാർത്ഥനകളുമായി തുടരുന്നു. മഹാപുരോഹിതന്റെ പ്രാകാരത്തിൽ യേശുവിനെ പരിഹാസ്യ വിചാരണ നടത്തുന്നതും ആ രാത്രിയിലെ സംഭവങ്ങളിൽ ഉൾപ്പെടുന്നു. പെസഹാ ഭക്ഷിക്കുന്നതുമായി ബന്ധപ്പെട്ട സംഭവങ്ങളുടെ ആദ്യഭാഗം ഈ പാഠത്തിൽ നാം കാണും. ആ നിർണായക വൈകുന്നേരത്തെ സംഭവങ്ങളുടെ കൃത്യമായ ക്രമം നമുക്കു തീർച്ചയില്ല.[2] പിൻവരുന്ന കാര്യങ്ങൾ സംഭവങ്ങളുടെ ക്രമീകരണത്തിന് നമ്മെ സഹായിക്കും.[3]

**അമ്പരപ്പിക്കുന്ന ഒരുപ്രവൃത്തി (യോഹ.13:2-20)**

തങ്ങളിൽ ആരായിരിക്കും വലിയവൻ എന്ന അപ്പൊസ്തലൻമാരുടെ വാദത്തോടു കൂടിയാണ് നാം കഴിഞ്ഞ പാഠം അവസാനിപ്പിച്ചത് (ലൂക്കൊസ്.22:24). ആ വാദം ഭക്ഷണത്തിനിടയിലെ ഒറ്റ സംഭവമായി തീർന്നേക്കാം:

> യേശു … അത്താഴത്തിൽ നിന്ന് എഴുന്നേറ്റ് വസ്ത്രം ഊരിവെച്ച് ഒരു തുവർത്ത് എടുത്ത് അരയിൽ ചുറ്റി ഒരു പാത്രത്തിൽ വെള്ളം പകർന്നു ശിഷ്യന്മാരുടെ കാൽ കഴുകുവാനും അരയിൽ ചുറ്റിയിരുന്ന തുണികൊണ്ട് തുവർത്തുവാനും തുടങ്ങി (യോഹ.13:3–5).

അക്കാലത്ത്, അതിഥി വീട്ടിൽ പ്രവേശിക്കുമ്പോൾ കാൽ കഴുകുന്നുത് പതിവായിരുന്നു. ഈ അതിഥിസൽക്കാര മര്യാദ സന്ദർശകന്റെ കാൽ തണുപ്പിച്ചിരുന്നു, എന്നാൽ അതിന് പ്രായോഗികമായ ഒരുവശമുണ്ട്. ആളുകൾ ആഴുക്കുള്ള പാതകളിലുടെ ചെരുപ്പിട്ട് നടന്നിരുന്നു. അവർ ഭക്ഷിക്കുവാൻ ഇരിക്കുമ്പോൾ ഒരു അതിഥിയുടെ കാൽ മറ്റൊരു അതിഥിയുടെ മുഖത്തോട്

അധികം അകലെ ആയിരിക്കയില്ല.[4]

അപ്പൊസ്തലന്മാർ ഒരുപക്ഷെ പെസഹക്ക് മുൻപ് കുളിച്ചിരിക്കാം (വാ.10 നോക്കുക); എന്നാൽ അവർ മാളികമുറിയുടെ വാതിൽക്കലേക്ക് നടന്നു പോകുമ്പോൾ, അവരുടെ കാലുകളിൽ റോഡിൽ നിന്നു പറ്റിയ പൊടിയും മറ്റും കാണും. എല്ലാറ്റിനും കാൽ–കഴുകൽ ആവശ്യമായിരുന്നു (വാ.4, 5). തങ്ങളിൽ വലിയവരാകുവാൻ ആഗ്രഹിച്ചിരുന്നവർ സഹശിഷ്യന്മാരുടെ കാലുകൾ കഴുകുവാൻ മനസില്ലാത്തവരായിരുന്നു. എങ്ങനെയായാലും ആ പ്രവൃത്തി സാധാരണ ചെയ്തിരുന്നത് അടിമകളായിരുന്നു!

സ്ഥാനത്തിന്റെ അടിസ്ഥാനത്തിലല്ല, മറിച്ച് സേവനത്തിന്റെ അടിസ്ഥാനത്തിലാണ് ദൈവരാജ്യത്തിൽ വലിയവനാകുന്നത് എന്ന് യേശു മുൻപ് അവരോട് പറഞ്ഞിരുന്നു. അവൻ പറഞ്ഞു, "ഞാൻ നിങ്ങളുടെ ഇടയിൽ ശുശ്രൂഷിക്കുന്നവനെ പോലെയാകുന്നു" (ലൂക്കൊസ് 22:27). ആ സന്ദർഭത്തിൽ ശുശ്രൂഷ എന്താണെന്ന് മനസിലാക്കുവാൻ ഒരു ചിത്രീകരണം നൽകുകയുണ്ടായി – അതു ഏറ്റവും നിസാരമായ ഒരു ദാസന്റെ ജോലി ചെയ്തുകൊണ്ടാണ്. അവൻ അവരുടെ കാലുകൾ കഴുകി.

കാൽ കഴുകിയവരിൽ യൂദയും ഉൾപ്പെട്ടിരുന്നത് പ്രത്യേകം ശ്രദ്ധ ആകർഷിച്ചിരുന്നു (യോഹന്നാൻ 13:2, 10, 11, 18, 19). അതിനാൽ "ശത്രുക്കളെ സ്നേഹിക്കുക" "അവർക്ക് നന്മ ചെയ്യുക" എന്നാൽ എന്താണെന്ന് കർത്താവ് കാണിച്ചുകൊടുത്തു[5] (മത്തായി 5:44, 45; റോമർ 12:20 നോക്കുക).

യേശു ശിഷ്യന്മാരുടെ കാലുകൾ കഴുകിയശേഷം ആ മാതൃക പിൻപറ്റുവാൻ അവൻ അവർക്ക് ഒരു വെല്ലുവിളി നൽകി (യോഹന്നാൻ 13:14–17). അതിനർത്ഥം കാൽ–കഴുകൽ ഒരു ചടങ്ങായി ആരാധനയുടെ ഭാഗമാക്കി മാറ്റുവാനായിരുന്നോ കർത്താവ് പറഞ്ഞത്? അല്ല. ജെ.ഡബ്ലിയു. മെക്ഗാർവേ എഴുതി,

> യേശു കാൽ–കഴുകൽ സ്ഥാപിച്ചില്ല, ദേശത്തിന്റെ ഒരു സമ്പ്രദായമായിട്ടായിരുന്നു യേശു അതിനെ കണ്ടത്, താഴ്മയുള്ള ശുശ്രൂഷ ശരിയായി കാണിച്ചുകൊടുക്കുവാനായിരുന്നു യേശു അത് ചെയ്തത് ... കാൽ–കഴുകുന്നത് ഒരു പതിവ് അല്ലെങ്കിൽ അതിഥിസൽക്കാരം, അത് ഒരിക്കലും പാശ്ചാത്യ സംസ്ക്കാരമായിരുന്നില്ല, ക്രിസ്തു പറഞ്ഞതുകൊണ്ട് അത് എടുത്തുകഴിഞ്ഞാൽ അതിന്റെ അർത്ഥം മുഴുവനും ഇല്ലാതാകും.[6]

ജോൺ എഫ്. കാർട്ടർ പറഞ്ഞത്, "പുതിയനിയമത്തിലെ ഏതെങ്കിലും ഒരു സഭ [കാൽ–കഴുകൽ] ഒരു കല്പനയായി പരിശീലിച്ചിരുന്നതായി തെളിവില്ല" എന്നാണ്. അവൻ പറഞ്ഞു, "ആദ്യം അതു നടന്നതായി സഭാചരിത്രത്തിൽ പറയുന്നത് ഏതാണ്ട് ഏ.ഡി.306–ൽ സ്പെയിനിലെ എൽവീറയിൽ ബിഷപ് കൗൺസിലിന്റെ കല്പനപ്രകാരമായിരുന്നു, അതിനെ കുറ്റം വിധിക്കുകയുമുണ്ടായി."[7] എച്ച്. ഐ. ഹെസ്റ്റർ പറഞ്ഞു, "യേശു അവിടെ കർത്തൃമേശ സ്ഥാപിച്ചതു പോലെ ഒന്ന് സ്ഥാപിക്കുകയായിരുന്നില്ല, മറിച്ച്, ഒരു വസ്തുതാ പഠനത്തിലൂടെ വാസ്തവത്തിലുള്ള താഴ്മ മനോഭാവത്തെ പഠിപ്പിക്കുകയായിരുന്നു."[8]

അപ്പൊസ്തലന്മാരുടെ കാലിലെ അഴുക്കായിരുന്നില്ല പ്രാഥമികമായി യേശുവിന്റെ ഉള്ളിൽ; ശിഷ്യന്മാരുടെ ഉള്ളിലുണ്ടായിരുന്ന സ്വാർത്ഥതയെ

കുറിച്ചായിരുന്നു അവന്റെ ഉൽക്കണ്ഠ. യൂദയിലേക്ക് എത്തുവാനുള്ള അവ സാന ശ്രമമായിരുന്നു അത് എന്ന് പറയപ്പെട്ടിട്ടുണ്ട്. കർത്താവ് അവന്റെ കാലുകൾ കഴുകിയെങ്കിലും, അവന്റെ ഹൃദയത്തിൽ അഴുക്കായിരുന്നു (13:27).

### ഞെട്ടിക്കുന്ന പ്രഖ്യാപനങ്ങൾ (മത്താ.26:21-25, 31-35; മർക്കൊ.14:18-21, 27-31; ലൂക്കൊ.22:21-23, 31-38; യോഹ.13:18, 19, 21-38)

#### യൂദായെ കുറിച്ചുള്ള പ്രഖ്യാപനം (മത്താ.26:21-25; മർക്കൊ.14:18-21, ലൂക്കൊ.22:21-23; യോഹ.13:18, 19, 21-30)

ക്രിസ്തു ശിഷ്യന്മാരുടെ കാലുകൾ കഴുകുമ്പോൾ, അവനെ ഒറ്റിക്കൊടുക്കുമെന്ന അമ്പരപ്പിക്കുന്ന പ്രഖ്യാപം നടത്തി – തന്നോട് അടുത്തിരിക്കുന്ന ഒരാൾ ഒറ്റിക്കൊടുക്കുമെന്ന് പറഞ്ഞു. തിരുവെഴുത്ത് അങ്ങനെ നിറവേറപ്പെടുമെന്നും അവൻ പറഞ്ഞു: "എന്റെ അപ്പം തിന്നുന്നവൻ എന്റെ നേരെ കുതികാൽ ഉയർത്തും" (യോഹന്നാൻ 13:8; സങ്കീർത്തനങ്ങൾ 41:9). "പൂർവ്വ ദേശങ്ങളിൽ സൗഹൃദത്തിന്റെ ഉറപ്പിന്മേലാണ് രണ്ട്പേർ ഒരുമിച്ച് ഭക്ഷണം കഴിക്കുന്നത്.[9] തന്റെ ഗുരുവിനെ ഒരു വിലക്ക് കാണിച്ചു കൊടുക്കാമെന്ന് ഏറ്റിട്ടായിരുന്നു യൂദാ വന്ന് തന്റെ യജമാനനുമായി ചേർന്ന് ആ വിശുദ്ധ ഭക്ഷണത്തിനിരുന്നത്."[10]

ക്രിസ്തു തന്നെ ഒറ്റിക്കൊടുക്കുന്നത് അപ്പൊസ്തലന്മാരോട് പറഞ്ഞത് "അത് സംഭവിക്കുമ്പോൾ ഞാൻ തന്നെ മശിഹയെന്ന് നിങ്ങൾ വിശ്വസിക്കേണ്ടതിന് ഞാൻ ഇപ്പോൾ അതു സംഭവിക്കുന്നതിനു മുൻപേ നിങ്ങളോട് പറയുന്നു" എന്നാണ് (യോഹന്നാൻ 13:19). വരുവാനുള്ള ഭയങ്കരമായ കാര്യങ്ങൾ ശിഷ്യന്മാർക്ക് അറിയില്ലായിരുന്നു, എന്നാൽ ക്രിസ്തുവിന് വ്യക്തമായ അറിവുണ്ടായിരുന്നു. അപ്പൊസ്തലന്മാരുടെ പക്വത ഇല്ലായ്മയെക്കുറിച്ച് അവൻ വിചാരപ്പെട്ടിരുന്നു. കൂടാതെ, യൂദയുടെ വിശ്വാസ വഞ്ചനയെക്കുറിച്ചും അവന്റെ ഉള്ളിൽ ഭാരം ഉണ്ടായിരുന്നു.

യേശു പന്തിരുവരോട് തുറന്നു പറഞ്ഞു: "... *നിങ്ങളിൽ* ഒരുത്തൻ എന്നെ കാണിച്ചു കൊടുക്കും" (യോഹന്നാൻ 13:21; എംഫസിസ് മൈൻ; മത്തായി 26:21 നോക്കുക). അവർ ഭയപ്പെടുകയും (യോഹന്നാൻ 13:22). "ഇത് ചെയ്വാൻ പോകുന്നവൻ തങ്ങളുടെ കൂട്ടത്തിൽ ആരായിരിക്കും എന്ന് അവർ തമ്മിൽതമ്മിൽ ചോദിച്ചു തുടങ്ങി" (ലൂക്കൊസ് 22:23). "അപ്പോൾ അവർ അത്യന്തം ഭ്രമിച്ചു ഞാനോ, ഞാനോ, കർത്താവേ, എന്ന് 'ഓരോരുത്തൻ പറഞ്ഞുതുടങ്ങി?'"[11] (മത്തായി 26:22). "അവർ വിചാരിച്ചത് അവരിൽ ഒരാൾ അറിയാതെ ചിലത് ചെയ്ത് അവന്റെ ശത്രുക്കൾ അവനെ പിടിക്കുവാൻ ഇടയാക്കിയേക്കും എന്നാണ് ".[12] അതുകൊണ്ട് ഓരോരുത്തൻ പറഞ്ഞു "തീർച്ചയായും ഞാനതു ചെയ്കയില്ല!"

യേശുവിന്റെ വലതു വശത്തായിരുന്ന യോഹന്നാൻ ചോദിച്ചു, "കർത്താവേ, അത് ആർ?" (യോഹന്നാൻ 13:23–25[13]). "പിന്നെ യേശു പറഞ്ഞു, 'ഞാൻ അപ്പഖണ്ഡം മുക്കിക്കൊടുക്കുന്നവൻ തന്നെ.'[14] അങ്ങനെ അപ്പഖണ്ഡം

മുക്കി, ശിമോൻ ഇസ്കാര്യോത്താവിന്റെ മകനായ യൂദാക്കു കൊടുത്തു" (യോഹന്നാൻ 13:26; മത്തായി 26:23 നോക്കുക).

ആ ചൂണ്ടിക്കാണിച്ച പ്രവൃത്തിക്കുശേഷം, കുറ്റവാളിയെ തിരിച്ചറിയുവാൻ അവർക്ക് എല്ലാവർക്കും കഴിയുമെന്ന് ഒരാൾ ചിന്തിച്ചേക്കാം. എങ്ങനെയായാലും, എല്ലാ ശിഷ്യന്മാർക്കും തീർച്ചയില്ലായിരുന്നു (യോഹന്നാൻ 13:28, 29). യൂദയെ ഒരു പക്ഷെ ഉയർന്ന തോതിൽ ബഹുമാനിച്ചിരിക്കാം. യഹൂദ്യയിൽ നിന്നുള്ള ഏക അപ്പൊസ്തലനായതു കൊണ്ട്. അവൻ ഒരുപക്ഷേ ശേഷം പേരെക്കാൾ വിദ്യാഭ്യാസം ഉള്ളവനായിരുന്നേക്കാം. പണസഞ്ചി അവന്റെ കയ്യിൽ ഏൽപ്പിച്ചുകൊണ്ട് അവനെ ആദരിച്ചിരുന്നു (യോഹന്നാൻ 13:29; കൂടാതെ യോഹന്നാൻ 12:6 നോക്കുക). ആ കൂട്ടത്തിനുവേണ്ടി ധർമ്മം കൊടുക്കുന്ന പ്രധാന ഉത്തരവാദിത്തവും അവനായിരുന്നു (യോഹന്നാൻ 13:29). ഏതെങ്കിലും ഒരു ശിഷ്യൻ ഒരിക്കലും കർത്താവിനെ ചൂണ്ടിക്കാണിക്കുക*യില്ലെ*ങ്കിൽ, അതു യൂദയായിരിക്കുമെന്ന് അവരിൽ പലരും വിചാരിച്ചിരുന്നേക്കാം.

യേശുവിന്റെ വാക്കുകളുടേയും പ്രവൃത്തികളുടേയും പ്രാധാന്യം മിക്ക അപ്പൊസ്തലന്മാരും മനസിലാക്കിയില്ല, എന്നാൽ യൂദ മനസിലാക്കി. കാപട്യത്തോട് കുടി, ശേഷമുള്ളവരോടൊപ്പം അവൻ ചോദിച്ചു "ഞാനോ റബ്ബീ? എന്ന് പറഞ്ഞതിന്, (മത്തായി 26:25), ക്രിസ്തു മറുപടി പറഞ്ഞു നീ തന്നെ"[15] (മത്തായി 26:25). അവന്റ ഗൂഢാലോചന ഈ രീതിയിൽ പുറത്തുവന്നപ്പോൾ അവന്റെ ഉള്ളം കലങ്ങിക്കാണും; എന്നാൽ അവനെ അത് അസ്വസ്ഥമാക്കിയോ, എന്നു സ്പഷ്ടമായിരുന്നില്ല. അന്തരീക്ഷത്തിലെ ഊഷ്മാവ് മണ്ണിനെ കട്ടിയുള്ളതാക്കി മാറ്റുന്നു, അതു പോലെ യേശു യൂദയുടെ ഉള്ള് പുറത്തു കാണിച്ചത് അവന്റെ ഹൃദയത്തെ കൂടുതൽ കഠിനമാക്കി (യോഹന്നാൻ 13:27[16]).

ക്രിസ്തു യൂദയോട് പറഞ്ഞു, "നീ ചെയ്യുന്നത്, വേഗത്തിൽ ചെയ്യുക" (യോഹന്നാൻ 13:27). ആ രാജ്യദ്രോഹി പെട്ടെന്ന് പോകുവാൻ യേശു ആഗ്രഹിച്ചില്ല കാരണം ആ രാത്രിയിൽ അധികം കാര്യങ്ങൾ നേടേണ്ടിയിരുന്നു. ഇപ്പോൾ അവനെ ആശ്വാസത്തോടെ അയക്കാം, കാരണം ശേഷിച്ച കാര്യങ്ങൾ ചെയ്യുവാൻ വേണ്ടത്ര സമയം ഉണ്ട്. "ഉടനെ;[17] അവൻ [യൂദ] എഴുന്നേറ്റ് പോയി, അപ്പോൾ ... രാത്രിയായിരുന്നു[18] (യോഹന്നാൻ 13:30).[19]

യൂദയുടെ ഹീനമായ പ്രവൃത്തികളെ ചിലർ പ്രതിരോധിക്കാൻ ശ്രമിച്ചിട്ടുണ്ട്.[20] എന്നാൽ ക്രിസ്തു പറഞ്ഞു, "... മനുഷ്യപുത്രനെ കാണിച്ചുകൊടുക്കുന്ന മനുഷ്യനോ ഹാ കഷ്ടം! ആ മനുഷ്യൻ ജനിക്കാതിരുന്നു വെങ്കിൽ അവന് കൊള്ളായിരുന്നു" (മത്തായി 26:24; മർക്കൊസ് 14:21 നോക്കുക). മെക്ക് ഗാർവേ എഴുതി, "യേശുവിന്റെ വാക്കുകൾ യൂദാക്ക് ക്ഷമാ യാചന നടത്തുവാൻ പോലും കഴിയാത്തതായിരുന്നു. ന്യായാധിപതി കുറ്റം വിധിക്കുമ്പോൾ ആർക്ക് എതിർ വാദമോ ഒഴികഴിവോ പറയുവാൻ കഴിയും?"[21]

### പത്രൊസിനേയും മറ്റ് അപ്പൊസ്തലന്മാരേയും കുറിച്ചുള്ള പ്രഖ്യാപനങ്ങൾ (മത്താ.26:31-35; മർക്കൊ.14:27-31; ലൂക്കൊ.22:31-38; യോഹ.13:31-38).

യൂദ പോയ ശേഷം ഒരു സമയത്ത് (യോഹന്നാൻ 13:31),[22] യേശു മറ്റ് അപ്പൊസ്തലന്മാരിലേക്ക് തിരിഞ്ഞു. താൻ മഹത്വപ്പെടുവാനിരിക്കുന്നതിനെക്കുറിച്ചു പറഞ്ഞു[23] (യോഹന്നാൻ 13:31, 32) പിന്നെ പറഞ്ഞു "കുഞ്ഞു

ങ്ങളെ,[24] ഞാൻ ഇനി കുറഞ്ഞോന്ന് മാത്രം നിങ്ങളോട് കൂടെ ഇരിക്കും" (യോഹന്നാൻ 13:33). അവന് കുറച്ചു സമയമേ ഉണ്ടായിരുന്നുള്ളു എങ്കിലും ധാരാളം കാര്യങ്ങൾ ചെയ്യാനുണ്ടായിരുന്നു!

മുമ്പു പറഞ്ഞ വാക്കുകൾ അവൻ ആവർത്തിച്ചു (യോഹന്നാൻ 13:33; യോഹന്നാൻ 7:33, 34;[25] 8:21) പിന്നെ പറഞ്ഞു, "പുതിയോരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു, അന്യോന്യം സ്നേഹിപ്പിൻ, ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും അന്യോന്യം സ്നേഹിപ്പിൻ" (യോഹന്നാൻ 13:34). അത് "വെറുമൊരു പുതിയ കല്പന" ആയിരുന്നില്ല കാരണം അത് മറ്റുള്ള വരെ സ്നേഹിക്കുവാനുള്ള കല്പനയായിരുന്നു. ആ കല്പന നൂറ്റാണ്ടുകൾ പഴക്കമുള്ളതായിരുന്നു (ലേവ്യാ പുസ്തകം 19:18). മറിച്ച്, അത് ഒരു പുതിയ കല്പനയായിരിക്കുവാൻ കാരണം അവന് തന്റെ ശിഷ്യന്മാരോടുള്ള *സ്നേഹത്തിന്റെ രീതി* നിമിത്തമാണ്: "ഞാൻ നിങ്ങളെ സ്നേഹിച്ചതു *പോലെ*"! അവൻ കൂട്ടിച്ചേർത്തു, "നിങ്ങൾക്ക് തമ്മിൽ തമ്മിൽ സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരെന്ന് എല്ലാവരും അറിയും" (യോഹന്നാൻ 13:35). നിങ്ങൾ അവരെക്കുറിച്ച് എത്രത്തോളം ശ്രദ്ധിക്കുന്നുവെന്ന് അറിയുന്നതുവരെ ആളുകൾ നിങ്ങൾക്ക് എത്രത്തോളം അറിയാമെന്നതിനെക്കുറിച്ച് ശ്രദ്ധിക്കയില്ല എന്ന് പറഞ്ഞുകേട്ടിട്ടുണ്ട്.

"കുറഞ്ഞോന്നു മാത്രം നിങ്ങളോട് കൂടെ ഇരിക്കും" എന്ന വാക്കുകൾ പത്രൊസ് എടുക്കുകയും (യോഹന്നാൻ 13:33) ചോദിക്കുകയും ചെയ്തു, "കർത്താവേ, നീ എവിടെ പോകുന്നു?" (യോഹന്നാൻ 13:36). ക്രിസ്തു മറുപടി പറഞ്ഞു, "ഞാൻ പോകുന്ന ഇടത്തേക്ക് നിനക്ക് ഇപ്പോൾ എന്നെ അനുഗമിപ്പാൻ കഴിയുകയില്ല; പിന്നത്തേതിൽ നീ എന്നെ അനുഗമിക്കും" (യോഹന്നാൻ 13:36). യേശു മരിക്കുവാൻ പോകുന്നു എന്നാണ് പറഞ്ഞതെന്ന് പത്രൊസിന് മനസിലായില്ല. അപ്പൊസ്തലൻ ചോദിച്ചു, "കർത്താവേ എനിക്ക് നിന്നെ അനുഗമിപ്പാൻ ഇപ്പോൾ കഴിയാത്തത് എന്ത്? ഞാൻ എന്റെ ജീവനെ നിനക്കുവേണ്ടി വെച്ചുകളയും" (യോഹന്നാൻ 13:37).

യേശു പ്രതികരിച്ചപ്പോൾ അവന്റെ ശബ്ദത്തിലെ മൃദുത്വം എനിക്ക് ഊഹിക്കാൻ കഴിയും "ശിമോനേ, ശിമോനേ സാത്താൻ നിങ്ങളെ കോതമ്പുപോലെ പാറ്റേണ്ടതിന് കല്പന[26] ചോദിച്ചു" (ലൂക്കൊസ് 22:31). സ്ത്രീകൾ ധാന്യത്തിലെ[27] പതിരുകൾ നീക്കം ചെയ്യുന്നത് പോലെ; പിശാച് അപ്പൊസ്തലന്മാരെ "പാറ്റി"[28] അവരിലുള്ള അശുദ്ധിയെ നീക്കുകയും ചൂഷണം ചെയ്യുകയും ചെയ്തു. അവന് ഒരു കുറവ് ഉണ്ടായിരുന്നു (യോഹന്നാൻ 13:2, 27); അവൻ കൂടുതൽ ആഗ്രഹിച്ചു.

നായകനും വക്താവുമായിരുന്ന, ശിമോൻ പത്രൊസിനെ സാത്താൻ പ്രത്യേകിച്ച് നോട്ടം ഇട്ടിരുന്നു. ഇത് അറിഞ്ഞുകൊണ്ട് യേശു പത്രൊസിനോട് പറഞ്ഞു, "ഞാനോ നിന്റെ വിശ്വാസം പൊയ്പ്പോകാതിരിപ്പാൻ നിനക്കുവേണ്ടി അപേക്ഷിച്ചു; എന്നാൽ നീ ഒരു സമയം[29] തിരിഞ്ഞു വന്നശേഷം നിന്റെ സഹോദരന്മാരെ ഉറപ്പിച്ചുകൊൾക" (ലൂക്കൊസ് 22:32). അപ്പൊസ്തലൻ പറഞ്ഞു, "കർത്താവേ, ഞാൻ നിന്നോട് കൂടെ തടവിലാകുവാനും മരിപ്പാനും ഒരുങ്ങിയിരിക്കുന്നു!" (ലൂക്കൊസ് 22:33). അവൻ ഇതു ചോദിച്ചപ്പോൾ ക്രിസ്തു ഒരു പക്ഷേ തലയാട്ടിയിരിക്കാം, "നിന്റെ ജീവനെ എനിക്കുവേണ്ടി വെച്ചുകളയു*മോ?*" (യോഹന്നാൻ 13:38; എംഫസിസ് മൈൻ). അവൻ വേദനയോടെ പറഞ്ഞു. പത്രൊസേ, നീ എന്നെ അറിയുന്നില്ലാ എന്ന്

മൂന്നു വട്ടം തള്ളിപ്പറയുംമുമ്പേ ഇന്ന് കോഴി കൂവുകയില്ലാ എന്ന് ഞാൻ നിന്നോട് പറയുന്നു (ലൂക്കൊസ് 22:34)[30].

കർത്താവ് ശേഷിച്ച പത്തുപേരോട് പറഞ്ഞു: "ഈ രാത്രിയിൽ നിങ്ങൾ *എല്ലാവരും* എങ്കൽ ഇടറും കൂട്ടത്തിലെ ആടുകൾ ചിതറിപ്പോകും" (മത്തായി 26:31; എംഫസിസ് മൈൻ; സെഖര്യാവ് 13:7 നോക്കുക). യേശു കൂട്ടിച്ചേർത്തു, "എന്നാൽ ഞാൻ ഉയർത്തെഴുന്നേറ്റശേഷം നിങ്ങൾക്കുമുമ്പായി ഗലീലക്കു പോകും" (മത്തായി 26:32). ഗലീലാ വാഗ്ദാനത്തെ ശ്രദ്ധിക്കുക (മത്തായി 28:7, 10, 16; യോഹന്നാൻ 21:1 നോക്കുക). അവന്റെ ഉയർത്തെഴുന്നേൽപ്പിനു ശേഷം ഒരു ഇടയൻ ചിതറിപ്പോയ ആടുകളെ ചേർക്കുന്നത് പോലെ, യേശു തന്റെ ശിഷ്യന്മാരെ ഗലീലയിൽ ചേർക്കും.[31]

പത്രൊസ് യേശുവിന്റെ വാക്കുകൾ കൈക്കൊള്ളുവാൻ മടിച്ചു. അവൻ പറഞ്ഞു, "*എല്ലാവരും* നിങ്കൽ ഇടറിയാലും ഞാൻ ഒരുനാളും ഇടറുകയില്ല" (മത്തായി 26:33; എംഫസിസ് മൈൻ). വീണ്ടും കർത്താവ് അവനോടു പറഞ്ഞു, "ഈ രാത്രിയിൽ കോഴികൂകും മുമ്പേ നീ മൂന്നുവട്ടം എന്നെ തള്ളിപ്പറയും എന്ന് സത്യമായിട്ടു ഞാൻ നിന്നോട് പറയുന്നു" (മത്തായി 26:34). "നിന്നോട് കൂടെ മരിക്കേണ്ടിവന്നാലും ഞാൻ നിന്നെ തള്ളിപ്പറയുകയില്ല എന്ന് അധികമായി പറഞ്ഞു!" (മർക്കൊസ് 14:31). "എല്ലാ അപ്പൊസ്തലന്മാരും അങ്ങനെ തന്നെ പറഞ്ഞു." (മത്തായി 26:35).

വരുവാനിരിക്കുന്ന പ്രയാസമുള്ള സമയത്തെ നേരിടുവാൻ അപ്പൊസ്തലന്മാർ ഒരുങ്ങിയിരുന്നില്ല എന്നതു തീർച്ചയായിരുന്നു.[32] അവൻ മരിക്കുമെന്ന് യേശു, യേശയ്യാവ് 53:12 ഉദ്ധരിച്ച് ഉറപ്പിച്ചു പറഞ്ഞു (ലൂക്കൊസ് 22:37). താൻ മുമ്പ് അവരെ അയച്ചപ്പോൾ ലഭിച്ചതായ അനുകൂല സ്വീകരണം, ഭാവിയിൽ ലഭിക്കയില്ലാ എന്ന് അവൻ തന്റെ ശിഷ്യന്മാരോട് മുന്നറിയിച്ചു (ലൂക്കൊസ് 22:35, 36; മത്തായി 10; ലൂക്കൊസ് 10:1–16).

ഭാവിക്കുവേണ്ടി ഒരുങ്ങുവാൻ അവൻ അവരോട് പറഞ്ഞപ്പോൾ ഒരു വാൾ വാങ്ങുവാൻ പറയുകയുണ്ടായി (ലൂക്കൊസ് 22:36). അതുകേട്ടപ്പോൾ ശിഷ്യന്മാർ വിചാരിച്ചത് അക്ഷരിക വാൾ ആണെന്നാണ്. അവർക്ക് രണ്ടെണ്ണം ഉണ്ടായിരുന്നു; അതു മതി എന്ന് യേശു പറഞ്ഞു (ലൂക്കൊസ് 22:38). പന്ത്രണ്ടു പേർക്ക് പ്രതിരോധിക്കുവാൻ രണ്ടുവാൾ മതിയാകാത്തതുകൊണ്ട്, ക്രിസ്തു പറഞ്ഞത് അക്ഷരികമല്ല എന്നതിന്റെ സൂചനയായിരുന്നു അത്.[33] എങ്ങനെയായാലും, അവന്റെ വാക്കുകൾ മനസിലാക്കുന്നതിൽ അവർ പരാജയപ്പെട്ടു (ലൂക്കൊസ് 22:49–51) – അതുപോലെ അവൻ തന്റെ വരുവാനുള്ള മരണത്തെക്കുറിച്ച് പറഞ്ഞതും അവർ മനസിലാക്കിയില്ല.

### ജ്വലിപ്പിക്കുന്ന ഒരു ഏർപ്പാട്
### (മത്താ.26:26-29; മർക്കൊ.14:22-25; ലൂക്കൊ.22:19, 20; 1 കൊരി.11:23-26)

പെസഹാ പെരുന്നാൾ അടുത്തപ്പോൾ,[34] യേശു എല്ലാ കാലത്തേക്കും നിലനിൽക്കുന്ന ഒരു ജ്ഞാപകം സ്ഥാപിക്കയുണ്ടായി: കർത്തൃമേശ.[35] "അവർ ഭക്ഷിക്കുമ്പോൾ യേശു അപ്പമെടുത്തു" (മത്തായി 26:26; മർക്കൊസ് 14:22; ലൂക്കൊസ് 22:19), പെസഹാ പെരുന്നാളിന് പുളിപ്പില്ലാത്ത അപ്പമായിരുന്നു ഉപയോഗിച്ചിരുന്നത്. "അവൻ അത് എടുത്ത് വാഴ്ത്തി, നുറുക്കി, പറഞ്ഞു, 'ഇത്, നിങ്ങൾക്ക് വേണ്ടിയുള്ള എന്റെ ശരീരം, എന്റെ ഓർമ്മക്കായി

ഈവ്വണ്ണം ചെയ്‌വിൻ’” (1 കൊരിന്ത്യർ 11:24).

“ഇത് എന്റെ ശരീരം” എന്ന് യേശു പറഞ്ഞപ്പോൾ, “അവൻ ആലങ്കാരിക ഭാഷയാണ്” ഉപയോഗിച്ചത്.[36] നാം ആരെയെങ്കിലും ഫോട്ടോ കാണിച്ചുകൊണ്ട് “ഇവരാണ് എന്റെ കൊച്ചുമക്കൾ” എന്നു പറയുന്ന അലങ്കാരപ്രയോഗം പോലെ ആണ് അത്. ആ അപ്പം റോമൻ ക്രൂശിൽ തൂങ്ങുവാൻ പോകുന്ന ശരീരത്തെ *പ്രതിനിധീകരിക്കുന്നതായിരുന്നു.*

“അവ്വണ്ണം അവൻ പാനപാത്രവും എടുത്തു”[37] (1 കൊരിന്ത്യർ 11:25). “മുന്തിരിവള്ളിയുടെ അനുഭവം” നിറഞ്ഞ പാത്രമായിരുന്നു അത് (മത്തായി 26:29). “പിന്നെ പാനപാത്രം എടുത്ത് സ്തോത്രം ചൊല്ലി അവർക്ക് കൊടുത്തു. എല്ലാവരും ഇതിൽനിന്ന് കുടിപ്പിൻ. ഇതു അനേകർക്കു വേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയനിയമത്തിനുള്ള എന്റെ രക്തം” (മത്തായി 26:27, 28; മർക്കൊസ് 14:24; ലൂക്കൊസ് 22:20). തന്റെ ഹിതം ചെയ്യുന്നവരുടെ പാപങ്ങൾ മോചിച്ചു കൊടുക്കുക എന്നതായിരുന്നു യേശു വെളിപ്പെടുത്തിയതായ പ്രാഥമിക ഉദ്ദേശം (1 കൊരിന്ത്യർ 15:3; എഫെസ്യർ 1:7 നോക്കുക).

പതിനോരുവർക്കും അവൻ നിർദ്ദേശങ്ങൾ നൽകി, “എന്റെ ... ഓർമ്മക്കായി ഇവ്വണ്ണം ചെയ്‌വിൻ” (1 കൊരിന്ത്യർ 11:25). പിന്നെ അവൻ കൂട്ടിച്ചേർത്തു, “എന്റെ പിതാവിന്റെ രാജ്യത്തിൽ നിങ്ങളോടുകൂടെ പുതുതായി കുടിക്കുംനാൾ വരെ ഞാൻ മുന്തിരിവള്ളിയുടെ ഈ അനുഭവത്തിൽനിന്ന് ഇനി കുടിക്കയില്ല എന്നു ഞാൻ നിങ്ങളോട് പറയുന്നു” (മത്തായി 26:29). മുൻപ് നാം ശ്രദ്ധിച്ചതുപോലെ രാജ്യം ഭൂമിയിൽ കാണുന്നതു സഭയായിട്ടാണ്. സഭ കർത്തൃമേശ ആചരിക്കുവാൻ കൂടിവരുമ്പോൾ ക്രിസ്തുവിന്റെ കൂട്ടായ്മയാണ് ആചരിക്കുന്നത്. പൗലൊസ് എഴുതി, “നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ അല്ലയോ? നാം നുറുക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മ അല്ലോ?” (1 കൊരിന്ത്യർ 10:16, 17).

ക്രിസ്തു മടങ്ങി വരുന്നതുവരെ തുടർച്ചയായി ഓർക്കേണ്ട ഒന്നായിട്ടാണ് ക്രിസ്തു കർത്തൃമേശ ഉദ്ദേശിച്ചത് (1 കൊരിന്ത്യർ 11:26). ആദ്യസഭ ഈ ജ്ഞാപകവിരുന്ന് എല്ലാ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലും എടുത്തിരുന്നു,[40] അത് ഇന്നും തുടർന്നു വരുന്നു.

## ഉപസംഹാരം

“ഒരിക്കലും മറക്കാനാകാത്ത ആ രാത്രി” യിലെ ചില ആദ്യമണിക്കൂറുകളായിരുന്നു നാം ശ്രദ്ധിച്ചത്.[41] നമ്മുടെ അടുത്ത പാഠമായ, യോഹന്നാൻ 14–16 ലെ യേശുവിന്റെ വിടവാങ്ങൽ പ്രസംഗവും, യോഹന്നാൻ 17 ലെ മദ്ധ്യസ്ഥ പ്രാർത്ഥനയും തുടർച്ചയായി അവലോകനം ചെയ്ത്, അടുത്ത പാഠത്തിൽ നാം ആ ജ്ഞാപക വൈകുന്നേരത്തെ കുറിച്ച് പഠിക്കും. ഈ പഠനം *നിങ്ങളുടെ* ജീവിതത്തിൽ “ഒരിക്കലും മറക്കാനാകാത്ത ഒരു ദിവസം” ആയി തീരട്ടെ എന്ന് പ്രത്യാശിക്കുന്നു.

കുറിപ്പുകൾ

[1]ഒന്ന് കൊരിന്ത്യർ 11:23–26 ഇതിൽ ഉൾപ്പെടുത്തുവാൻ കാരണം യേശു കർത്തൃമേശ സ്ഥാപിക്കുന്നതിന്റെ പൂർണ്ണവിവരണം അതിലുള്ളതുകൊണ്ടാണ്. ഒന്ന് കൊരിന്ത്യർ 11:23–26 ഒരുപക്ഷെ ഈ സംഭവത്തെ കുറിച്ച് എഴുതപ്പെട്ടതിൽ വെച്ച് ആദ്യവിവരണമായിരിക്കാം. ഒന്ന് കൊരിന്ത്യർ എഴുതപ്പെട്ടത് 50 കളിലാണ്, എന്നാൽ സംക്ഷിപ്തസുവിശേഷവിവരണങ്ങൾ എഴുതപ്പെട്ടത് 60കളിലാണ്. [2]സുവിശേഷവിവരണങ്ങൾ താരതമ്മ്യം ചെയ്താൽ സംഭവങ്ങളുടെ ക്രമത്തിൽ വ്യത്യാസമുള്ളതായി കാണാം. എല്ലായ്പോഴും പറയാറുള്ളതുപോലെ, ഈ എഴുത്തുകാർക്ക് കാലക്രമമോ സംഭവക്രമമോ പ്രാധാന്യമുള്ളതായിരുന്നില്ല. ഭാഗ്യവശാൽ ക്രമം അപ്രധാനമാണ്. [3]സാധ്യതയുള്ള ചില വ്യത്യാസങ്ങൾ നാം കുറിപ്പുകളിൽ കാണും. [4]*ക്രിസ്തുവിന്റെ ജീവിതം, 2* ലെ "സ്നേഹം, കണ്ണുനീർ, പാപമോചനം," എന്ന പാഠം നോക്കുക. [5]യേശു യൂദയുടെ കാൽ കഴുകിയപ്പോൾ, യൂദയെ സംശയിക്കാതിരുന്ന മറ്റു ശിഷ്യന്മാർക്ക്, ഈ പാഠം കാണുവാൻ കഴിഞ്ഞിരുന്നില്ല – എന്നാൽ നമുക്ക് ഇന്നു കാണുവാൻ കഴിയുന്നുണ്ട്. [6]ജെ. ഡബ്ലിയു. മെക്ഗാർവേ ആന്റ് ഫിലിപ്പ് വൈ. പെൻലെറ്റൺ, *ദ ഫോർഫോൾഡ് ഗോസ്പെൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പെൽസ്* (സിൻസിനാറ്റി.: സ്റ്റാൻഡേർഡ് പബ്ലിഷിങ്ങ് കമ്പനി., 1914), 650. [7]ജോൺ ഫ്രാങ്ക്ലിൻ കാർട്ടർ, *എ ലേമാൻസ് ഹാർമണി ഓഫ് ദ ഗോസ്പെൽസ്* (നാഷിലേ ബ്രോഡ്മാൻസ് പ്രസ്, 1961), 285–86. കാൽ–കഴുകൽ "സഭാ നിയമം" ആയി ഒരിക്കലും ഉദ്ദേശിച്ചിരുന്നില്ല എന്നതിന് മൂന്ന് കാരണങ്ങൾ കാർട്ടർ പറയുന്നു. ആൽബെർട്ട് ഹെൻറി ന്യുമാൻ, *എ മാനുവൽ ഓഫ് ചർച്ച് ഹിസ്റ്ററി* (ഫിലദെൽഫിയ, അമേരിക്കൻ ബാപ്റ്റിസ്റ്റ് പബ്ലിക്കേഷൻസ് സ്വസൈറ്റി, 1904), 1:140. [8]എച്ച്. ഐ. ഹെസ്റ്റർ, *ദ ഹാർട്ട് ഓഫ് ദ ന്യുടെസ്റ്റമെന്റ്* (ലിബെർട്ടി, മോ.: ക്വാളിറ്റി പ്രസ്, 1963), 197. [9]ഇതു സംബന്ധിച്ച് പല സൂചനകളും പുതിയ നിയമത്തിലുണ്ട്. ഉദാഹരണത്തിന് വെളിപ്പാട് 3:20 നോക്കുക. [10]കാർട്ടർ, 287–88.

[11]മൂലഗ്രന്ഥം "ഈസ് ഇറ്റ് ഐ ലോർഡ്?" എന്ന് തർജിമ ചെയ്യാവുന്നതാണ് (കെജെവി നോക്കുക), എന്നാൽ ചോദ്യത്തിന്റെ ധ്വനിയിൽ നിഷേധ ഉത്തരം ഗ്രീക്കിൽ അന്തർലീനമായിരിക്കുന്നു. എൻഎഎസ്ബിയിൽ "ഷുവർലി, നോട്ട് ഐ, ലോർഡ്" എന്നാണ്. [12]കാർട്ടർ, 288. [13]"യേശു സ്നേഹിച്ച ശിഷ്യൻ" എന്ന് യോഹന്നാൻ എഴുതിയത് തന്നെക്കുറിച്ചു തന്നെയായിരുന്നു എന്നാണ് മിക്ക എഴുത്തുകാരും വിശ്വസിക്കുന്നത്. [14]മെക്ക് ഗാർവേ പറയുന്നതനുസരിച്ച്, ഒരു അതിഥിക്ക് അപ്പഖണ്ഡം മുക്കിക്കൊടുക്കുന്നത് ബഹുമാന സൂചകമാണ് (മെക്ക് ഗാർവേ ആന്റ് പെന്റലറ്റൻ, 653). [15]"നീ തന്നെ പറഞ്ഞുവല്ലോ" എന്നത് ഉത്തരം ഉറപ്പിക്കുന്നതിന്റെ ഊന്നൽ ആയിരുന്നു (മത്തായി 26:64). ഞാൻ താമസിക്കുന്ന സ്ഥലത്ത് ഉള്ള അതേ പ്രയോഗം: "അതു പറഞ്ഞത് *നിങ്ങൾ* ആണ്, ഞാൻ അല്ല!" [16]"സാത്താൻ യൂദയിൽ പവേശിച്ചത്," ന്യായാധിപസഭയിൽ ചെന്നുതെര്യപ്പെടുത്തേണ്ടതിനായിരുന്നു (ലൂക്കൊസ് 22:3, 4). സാത്താൻ വീണ്ടും അവനിൽ "പ്രവേശിച്ചു" എന്നാണ് ഇവിടെ പറയുന്നത്. യെശുവിന്റെ വാക്കുകളാലും പ്രവൃത്തികളാലും യൂദ താൽക്കാലികമായി ഇളകുകയും ചെയ്തിരിക്കുവാൻ ഇടയുണ്ട്, എന്നാൽ പിന്നെ അവൻ തന്നെ പിശാചിന് ഏല്പിച്ചു കൊടുത്തു. [17]ചിലർ വിചാരിച്ചത് അവൻ "പെരുന്നാളിന്" സാധനങ്ങൾ വാങ്ങുവാൻ പോയി എന്നാണ് (യോഹന്നാൻ 13:29). ഒരാഴ്ച–നീളുന്ന പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാളിനെ തുടർന്ന് ഒരു–ദിവസത്തെ പെസഹാപെരുന്നാൾ ഉണ്ടായിരുന്നു. ഒരു പക്ഷെ അവർ വിചാരിച്ചത് യുദ പിന്നീടുള്ള പെരുന്നാളിന് തയ്യാറാവുകയാണെന്നായിരിക്കാം. [18]"ഈ പ്രയോഗത്താൽ … ഒരാൾക്ക് ദിവസത്തിന്റെ ഏത് സമയമെന്ന് വെറുതെ നിശ്ചയിക്കാം, എല്ലാ സാഹചര്യങ്ങളും അതിന് നിർബന്ധിച്ചേക്കം

[ഹെൻട്രി ] ആൽഫ്രഡ് പറയുന്നു, 'എനിക്ക് [ഫെഡറിക് ബി ] മേയറിനോട് കൂടെ തോന്നുന്നത് ഈ മാറ്റത്തിൽ ഭയങ്കരമായ എന്തോ ഉണ്ട് എന്നാണ് – "അത് രാത്രിയായിരുന്നു" ' "(മെക്ക്ഗാർവേ ആന്റ് പെൻലിറ്റൺ, 654). [19]ലൂക്കൊസിന്റെ വിവരണം സൂചിപ്പിക്കുന്നത് യൂദയെ കർത്തൃമേശ സ്ഥാപനത്തിനു*ശേഷം* കുറ്റപ്പെടുത്തി എന്നാണ് (ലൂക്കൊസ് 22:19–23), എന്നാൽ മത്തായിയും മർക്കൊസും സൂചിപ്പിക്കുന്നത് അവനെ കുറ്റപ്പെടുത്തിയത് കർത്തൃമേശ സ്ഥാപനത്തിനു *മുൻപാ*യിരുന്നു എന്നാണ് (മത്തായി 26:25, 26; മർക്കൊസ് 14:21, 22). നമ്മുടെ പഠനത്തിൽ, മത്തായിയുടേയും മർക്കൊസിന്റെയും കാലനിർണയം, യേശു യൂദയുടെ കുറ്റം ചൂണ്ടിക്കാണിച്ചയുടനെ അവൻ പോയി എന്ന അനുമാനത്തോടെയാണ്. [20]ഈ പുസ്തകത്തിൽ ആദ്യം വന്ന "തയ്യാറെടുപ്പ്" എന്ന പാഠം നോക്കുക.

[21]മെക്ക്ഗാർവേ ആന്റ് പെന്റലറ്റൺ, 653. [22]എപ്പോഴാണ് പത്രോസ് യേശുവിനെ തള്ളിപ്പറയുമെന്ന് അവൻ പ്രവചിച്ചതെന്ന് വ്യക്തമല്ല. ലൂക്കൊസും യോഹന്നാനും ആ മുന്നറിയിപ്പ് വെച്ചിരിക്കുന്നത് (ലൂക്കൊസ് 22:34; .യോഹന്നാൻ 13:38) യേശുവും മറ്റുള്ളവരും മാളികമുറി വിടുന്നതിന് *മുൻപാ*യിട്ടായിരുന്നു (ലൂക്കൊസ് 22: 39.യോഹന്നാൻ 14:31). മത്തായിയും മർക്കൊസും പറയുന്നതനുസരിച്ച് അവർ മുറിവിട്ടു പോയ *ശേഷം* സംഭവിച്ചു എന്നാണ് (മത്തായി 26:30–34; മർക്കൊസ് 14:26–30). ഞാൻ പറഞ്ഞത് "ഒരു സമയത്ത്" എന്നാണ്. ആ മുന്നറിയിപ്പ് രണ്ടു പ്രാവശ്യം നൽകുവാൻ സാധ്യതയുണ്ട്, ഒന്ന് മുറിവിട്ട് പോകുന്നതിനു മുൻപും മറ്റൊന്ന് അതിനു ശേഷവും. അത് അങ്ങനെ ആണെങ്കിൽ പോലും, മുന്നറിയിപ്പുകളിലെ സാമ്യം ഒരേ സമയത്ത് പഠിക്കുവാൻ നമ്മെ അനുവദിക്കുന്നു. [23]അത് അവന്റെ മരണം, ഉയർത്തെഴുന്നേൽപ്പ് എന്നിവ സൂചിപ്പിക്കുന്ന അലങ്കാര പ്രയോഗമായിരുന്നു (യോഹന്നാൻ 7:39; 12:16, 23, 28). [24]നമുക്ക് അറിയാവുന്നേടത്തോളം, ഈ ഒരു പ്രാവശ്യം മാത്രമാണ് യേശു ആ ഊഷ്മള ബന്ധത്തെ സൂചിപ്പിക്കുന്ന വാക്ക് ഉപയോഗിച്ചത്. അത് യോഹന്നാന് പ്രിയമായി തീർന്നു (1 യോഹന്നാൻ 2:1, 12, 28; 3:7, 18; 4:4; 5:21). [25]യോഹന്നാൻ 7:33, 34 നെക്കുറിച്ചുള്ള പരാമർശത്തിൽ, *ക്രിസ്തുവിന്റെ ജീവിതം 4*–ൽ ഉള്ള "യെരുശലേമിലേക്കുള്ള യാത്ര" നോക്കുക. [26]ബൈബിൾ അനുസരിച്ച് സാത്താൻ പരിമിതിയുള്ളവനും ദൈവം അനുവദിച്ചാൽ മാത്രം പ്രവർത്തിക്കുന്നവനുമാണ് (ഇയ്യോബ് 1 ഉം 2 ഉം). അത് ഒരു "മീറ്റ്" വിഷയമാണ് (എബ്രായർ 5:12–14) അതിനെക്കുറിച്ചുള്ള ചർച്ചക്ക് നിങ്ങളുടേതായ അഭിപ്രായം ഉപയോഗിക്കാം. [27]നമ്മിൽ പലരുടേയും ഉള്ളിൽ സ്ത്രീകൾ ധാന്യം പാറ്റുന്ന വിവിധ രീതികൾ ഉണ്ട്. എന്നാൽ ചെറുപ്പക്കാരായ ശ്രോതാക്കൾക്ക് അതിന്റെ വിശദീകരണം വേണം. ഞാൻ താമസിക്കുന്ന പ്രദേശത്ത് പലവീടുകളിലും പാറ്റൽ നിന്നുപോയിട്ടുണ്ട് കാരണം മുൻകൂട്ടി–തയ്യാറാക്കിയ പാക്കറ്റുകളിൽ ആണ് ധാന്യപ്പൊതികൾ ലഭിക്കുന്നത്. [28]ലൂക്കൊസ് 22:31 ലെ "നീ" എന്നത് ഗ്രീക്കിൽ ബഹുവചനമാണ്. [29]കെജെവിയിൽ "കൺവർട്ടഡ്എന്നാണ്". പരിവർത്തനം ഒരു മാറ്റമാണ്, ഒന്ന് മറ്റൊന്നിലേക്ക് "മാറുന്നു". "ഒരിക്കൽ നീ വീണ്ടും തിരിഞ്ഞതാണ്", എന്ന പ്രയോഗം യേശു ഉപയോഗിച്ചതിൽ നിന്ന് പത്രൊസിന്റെ വീഴ്ച അവസാനത്തേതല്ല എന്ന് സൂചിപ്പിക്കുന്നു. [30]കോഴിയുടെ ഒരു കൂകലിനെക്കുറിച്ചു മാത്രമാണ് മത്തായിയും ലൂക്കൊസും യോഹന്നാനും പറഞ്ഞത് (മത്തായി 26:34; ലൂക്കൊസ് 22:34; യോഹന്നാൻ 13:38), എന്നാൽ മർക്കൊസ് രണ്ട് കൂകലിനെക്കുറിച്ച് പറഞ്ഞിരിക്കുന്നു (മർക്കൊസ് 14:30). മറ്റ് വേദഭാഗങ്ങളിലെന്ന പോലെ ഇവിടേയും എഴുത്തുകാരിൽ ഒരാൾ രണ്ടെന്നും ഒരാൾ ഒന്നെന്നും പറഞ്ഞിരിക്കുന്നു (ഉദാഹരണത്തിന് മത്തായി 20:30 ഉം ലൂക്കൊസ് 18:35 ഉം) ആ വ്യത്യാസം അപ്രധാനമാണ് അതിൽ വൈവരീത്യമില്ല. നിങ്ങൾക്ക് രണ്ട് ഉള്ളപ്പോൾ നിങ്ങൾക്ക് ഒന്ന് ഉണ്ട്. മർക്കൊസ് മറ്റുരണ്ട് എഴുത്തുകാർ ചേർക്കാത്ത വിശദീകരണം ചേർത്തു എന്ന് മാത്രം. ആ വ്യത്യാസം നാം പത്രൊസ്

ക്രിസ്തുവിനെ തള്ളിപ്പറഞ്ഞ പാഠം പഠിക്കുമ്പോൾ വീണ്ടും കാണും.

[31]ഗലീലയിൽ വെച്ചായിരിക്കാം യേശു ഒരിക്കൽ അഞ്ഞൂറുപേർക്ക് പ്രത്യക്ഷനായത് (1 കൊരുന്ത്യർ 15:6). [32]ഞാൻ താമസിക്കുന്ന സ്ഥലത്ത്, ഞങ്ങൾ പറയും "അവർ തള്ളി പ്പറയലിലായിരുന്നു." [33]സുവിശേഷം നിമിത്തം വരുവാനിടയുള്ള കലഹത്തെക്കുറിച്ച് യേശു മുമ്പ് പറഞ്ഞപ്പോൾ "വാൾ" എന്നവാക്ക് ഉപയോഗിച്ചിട്ടുണ്ട് (മത്തായി 10:34). അവർ നേരിടുവാൻ ഇരിക്കുന്ന കുഴപ്പങ്ങൾക്കുവേണ്ടി അപ്പൊസ്തലന്മാരെ ഒരുക്കുവാ നായിരുന്നു അവൻ ശ്രമിച്ചത്. [34]യേശു കർത്തൃമേശ സ്ഥാപിച്ചത് വൈകുന്നേരം എപ്പോൾ ആയിരുന്നു എന്നത് വ്യക്തമല്ല. എന്നാൽ മത്തായിയും മർക്കൊസും "അവർ ഭക്ഷിക്കു മ്പോൾ എന്ന് പറയുന്നുണ്ട് " (മത്തായി 26:26; മർക്കൊസ് 14:22) പൗലൊസ് സൂചിപ്പിച്ചത് "അത്താഴം കഴിഞ്ഞ ശേഷം" എന്നായിരുന്നു (1 കൊരിന്ത്യർ 11:25). അത് പെസഹാ പെരു ന്നാളിന്റെ അവസാനമോ, അല്ലെങ്കിൽ അവസാനത്തോടടുത്തോ ആയിരുന്നു എന്ന് സ്പഷ്ടം. [35]കർത്തൃമേശയെ സംബന്ധിച്ച് കൂടുതൽ വിവരണങ്ങൾക്കും ആ ജ്ഞാപക വിരുന്നിനെക്കുറിച്ചുള്ള കൂടുതൽ വിവരണങ്ങൾക്കും ഈ പുസ്തകത്തിൽ അവസാനം വരുന്ന "ഇത് എന്റെ ഓർമ്മക്കായി ചെയ്വീൻ" നോക്കുക. [36]അലങ്കാര പ്രയോഗത്തെ "ഒരു മെറ്റാഫർ" എന്ന് വിളിച്ചിരിക്കുന്നു. മെറ്റാഫർ എന്ന വാക്ക് ഉപയോഗിക്കാതെ ഒന്നിനെ മറ്റൊന്നുമായി ചുരുക്കത്തിൽ താരതമ്യം ചെയ്യുന്നതിനെ സാധാരണ അലങ്കാരമായി പ്രയോഗിക്കുന്നതാണ് ഒരു മെറ്റാഫർ, ഉദാഹരണമായി "ലൈക്ക്" അല്ലെങ്കിൽ "ആസ്". ബൈബിളിൽ നിറയെ മെറ്റാഫേർസ് ഉണ്ട്. ഉദാഹരണമായി യേശു ഹെരോദാവിനെ ഒരു കുറുക്കൻ എന്ന് വിളിച്ചു (ലൂക്കൊസ് 13:31, 32). ഹെരോദാവ് ഒരു കുറുക്കനെ*പ്പോലെ* ആണെന്ന് അവൻ പറഞ്ഞില്ല (അതിനെ ഒരു സിമിലെ എന്നാണ് വിളിക്കുന്നത്), എന്നാൽ അവൻ ഒരു കുറുക്കൻ *ആയിരുന്നു* (ഒരു മെറ്റാഫർ). [37]ചിലർ വിചാരിക്കുന്നത് ഇത് പെസ ഹാപെരുന്നാളിന്റെ മൂന്നാമത്തെ പാനപാത്രമായിരുന്നു എന്നും, അത് യിസ്രായേലിന്റെ പുറപ്പാട് 6:6, 7 ലെ മൂന്നാമത്തെ വാഗ്ദാനം പാരമ്പര്യമായി ഓർപ്പിക്കുന്നതായിരുന്നു എന്നുമാണ്: "ഞാൻ നിങ്ങളെ വീണ്ടെടുക്കുകയും ചെയ്യും." ആ പഴയനിയമ വാഗ്ദാനം കർത്തൃമേശക്ക് യോജിക്കുന്നതായിരുന്നു, അത്താഴം കഴിഞ്ഞ്, യേശു പാനപാത്രവും എടുത്തു എന്ന പൗലോസിന്റെ പ്രസ്താവനയോടുകൂടെ നാലു പാനപാത്രത്തിലെ മൂന്നാ മത്തേതായിരുന്നു എന്ന ആശയത്തോട് യോജിക്കുവാൻ പ്രയാസമാണ് (1 കൊരിന്ത്യർ 11:25). [38]കെജെവിയിൽ "നിങ്ങൾ എല്ലാവരും ഇതിൽ നിന്ന് കുടിപ്പീൻ" എന്നാണ്, എൻ എഎസ്സ് ബി സൂചിപ്പിക്കുന്നത് പോലെ "നിങ്ങളെല്ലാവരും ഇതിൽ നിന്ന് കുടിപ്പീൻ". [39]പഴയതും പുതിയതുമായ രണ്ടു നിയമങ്ങളിലും (ഉടമ്പടികൾ) ഉറപ്പിച്ചത് രക്തത്താലാ യിരുന്നു (എബ്രായർ 9:18, 20, 22; 10:29). [40]"എന്റെ ഓർമക്കായി ഇതു ചെയ്വീൻ" എന്ന ഈ പുസ്തകത്തിൽ പിന്നീട് വരുന്ന ചർച്ച നോക്കുക.

[41]പെസഹാഭക്ഷണം സാധാരണ രണ്ടോ അല്ലെങ്കിൽ മൂന്നോ മണിക്കൂറുകൾ നീണ്ടി രുന്നു.